# First Trilateral Working Group Meeting between India, Iran and Uzbekistan on joint use of Chabahar Port

December 14, 2020

---

## ചാബഹാർ തുറമുഖം ഒരുമിച്ചു ഉപയോഗിക്കുന്നത് സംബന്ധിച്ച് ഇന്ത്യ, ഇറാൻ, ഉസ്ബെക്കിസ്ഥാൻ എന്നിവയുടെ ആദ്യ തിരാഷ്ട്ര വർക്കിങ് ഗ്രൂപ്പ് മീറ്റിംഗ്.

ഡിസംബർ 14, 2020

1. ചബഹാർ തുറമുഖം ഒരുമിച്ചു ഉപയോഗിക്കുന്നത് സംബന്ധിച്ച് ഇന്ത്യ, ഇറാൻ, ഉസ് ബെക്കിസ്ഥാൻ എന്നിവയുടെ ആദ്യ തിരാഷ്ട്ര വർക്കിങ് ഗ്രൂപ്പ് മീറ്റിംഗ് 2020 ഡിസംബർ 14 ന് വിർച്വൽ രീതിയിൽ നടന്നു.

2. ഇന്ത്യയുടെ സെക്രട്ടറി (ഷിപ്പിംഗ്),ശ്രീ രാജീവ് രഞ്ജൻ, ഉസ്ബെക്കിസ്ഥാൻ ഗതാഗത സഹമന്ത്രി ശ്രീ.ഡി ഡക്ക്ണോവ് കൂടാതെ ഇറാൻ ഇസ്ലാമിക് റിപ്പബ്ലിക്കിലെ ഉപഗതാഗത മന്ത്രി ശ്രീ ഷഹറാം ആദം നെജാദ് എന്നിവർ സംയുക്തമായി സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു.

3.സമ്മേളനത്തിനിടയിൽ, ചാബഹാർ തുറമുഖം വ്യവസായം,ഗതാഗതം എന്നീ ആവശ്യങ്ങൾക്കായും പ്രാദേശികമായ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനായും കൂട്ടായി ഉപയോഗിക്കുന്നതിനെ സംബന്ധിച്ചും പങ്കെടുത്തവർ ചർച്ച ചെയ്തു.പ്രവിശ്യയിൽ കോവിഡ് പകർച്ചവ്യാധി സമയത്ത് മാനുഷിക സഹായമെത്തിക്കുന്നതിന് ചാബഹാർ തുറമുഖം വഹിച്ച പങ്കും എല്ലാവരും നിരീക്ഷിച്ചു.

4. 2021 ജനുവരിയിൽ ഇന്ത്യയിൽ നടത്താനുദ്ദേശിക്കുന്ന ഇന്റർനാഷണൽ മാരിടൈം സമ്മിറ്റിനൊപ്പം 'ചാബഹാർ ദിവസം' ആചരിക്കാനുള്ള ഇന്ത്യയുടെ നിർദേശത്തെ എല്ലാവരും സ്വാഗതം ചെയ്തു.

5. പ്രധാനമന്ത്രി ശ്രീ.നരേന്ദ്ര മോദിയും ഉസ്ബെക്കിസ്ഥാൻ പ്രസിഡണ്ട് ശ്രീ ഷൗക്കത്ത് മിർസിയോയെവും തമ്മിൽ 2020 ഡിസംബർ 11 ന് നടന്ന മീറ്റിങ്ങിൽ സ്വീകരിച്ച തീരുമാനങ്ങളുടെ പിന്തുടർച്ച എന്ന രീതിയിലാണ് സമ്മേളനം നടത്തിയത്.

**ന്യൂ ഡൽഹി**
**14 ഡിസംബർ , 2020**

**DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**